# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ/പി - 11/421/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/06/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ/പി - 11/421/2021 തീയ്യതി: 30/06/2021

## പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-06-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 20-06-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-06-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥര്‍:

ശ്രീ.പ്രദീപ് കുമാര്‍ എന്‍., ഓഡിറ്റ് ഓഫീസര്‍(ഹ.ഗ്രേ)
ശ്രീമതി സൂര്യപ്രഭ പി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസര്‍
ശ്രീമതി ദീപ എസ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസര്‍
ശ്രീമതി രാജശ്രീ സി.ആര്‍, ഓഡിറ്റര്‍

(ബി)നിര്‍വഹണാധികാരികള്‍

| പേര് | ഔദ്യോഗിക പദവി | തീയതി (മുതല്‍) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജയന്തികുമാരി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. റെജിമോന്‍..എം | സെക്രട്ടറി | 01-04-2019 | 02-08-2019 |
| ശ്രീമതി. അംബിക.സി | സെക്രട്ടറി | 03-08-2019 | 31-03-2020 |

നിര്‍വ്വഹണഉദ്യോഗസ്ഥര്‍

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതല്‍) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. വല്‍സല.കെ | അസി.സെക്രട്ടറി | 01-04-2019 | 19-07-2019 |
| ശ്രീ.എ.ജെ.പ്രശാന്ത് | അസി.സെക്രട്ടറി | 20-07-2019 | 31-03-2020 |
| ഡോ.ശ്യാം പ്രസാദ് | മെഡിക്കല്‍ ഓഫീസര്‍, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി.രമ്യാ ചന്ദ്രന്‍ | കൃഷി ഓഫീസര്‍ | 01-04-2019 | 20-09-2019 |
| ശ്രീമതി. ലാലി. സി | കൃഷി ഓഫീസര്‍ | 20-09-2019 | 31-03-2020 |
| ശ്രീ.മോഹന്‍കുമാര്‍. എം.എ | അസിസ്റ്റന്റ് എഞ്ചിനീയര്‍ | 01-04-2019 | 31-07-2019 |
| ശ്രീമതി. ബിന്ദു.എസ്.കരുണാകരന്‍ | അസിസ്റ്റന്റ് എഞ്ചിനീയര്‍ | 01-08-2019 | 31-03-2020 |
| ശ്രീ.സുനില്‍ബാബു. റ്റി.കെ | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രസന്നകുമാരി.ഡി | എല്‍.വി.ഇ.ഓ | 01-04-2019 | 31-03-2020 |
| ഡോ.അനിത.ജി | വെറ്റിനറി സര്‍ജന്‍ | 01-04-2019 | 03-12-2019 |
| ഡോ.അനുപമ | വെറ്റിനറി സര്‍ജന്‍ | 04-12-2019 | 31-03-2020 |
| ശ്രീമതി. ചന്ദ്രലേഖ | ഡയറി ഫാം ഇന്‍സ്ട്രക്ടര്‍ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.റസീന ബീവി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ.പ്രസന്നൻ.എം.റ്റി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. അഖില.കെ.എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Deepa S (Senior Grade Auditor, On 24-06-2021)<br>Last Updated By: Deepa S (Senior Grade Auditor, On 24-06-2021) | 1-1 |
| 2 | വാർഷികധനകാര്യ പത്രിക<br>Written By: Suryaprabha P.C (Asst. Audit Officer, On 27-06-2021)<br>Last Updated By: N Pradeep Kumar (Audit Officer, On 29-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: N Pradeep Kumar (Audit Officer, On 30-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-06-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Suryaprabha P.C (Asst. Audit Officer, On 27-06-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 29-06-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രിക-അപാകതകൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 29-06-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 30-06-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: N Pradeep Kumar (Audit Officer, On 27-06-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 29-06-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: N Pradeep Kumar (Audit Officer, On 25-06-2021)<br>Last Updated By: N Pradeep Kumar (Audit Officer, On 27-06-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 27-06-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 29-06-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Rajasree.C.R (Auditor, On 26-06-2021)<br>Last Updated By: N Pradeep Kumar (Audit Officer, On 27-06-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: N Pradeep Kumar (Audit Officer, On 26-06-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 29-06-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajasree.C.R (Auditor, On 24-06-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 29-06-2021) | 1-10 |
| 12 | തനത് ഫണ്ട് കറന്റ് അക്കൗണ്ടിൽ-പലിശയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം<br>Written By: Suryaprabha P.C (Asst. Audit Officer, On 27-06-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 30-06-2021) | 1-11 |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാനവശേഷിക്കുന്നു.<br>Written By: Rajasree.C.R (Auditor, On 24-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-12 |
| 14 | റേഷൻകട ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Rajasree.C.R (Auditor, On 24-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-13 |
| 15 | ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിൽ തിരികെ ലഭിച്ചിട്ടില്ല<br>Written By: N Pradeep Kumar (Audit Officer, On 25-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-14 |
| 16 | പൊതു ടാപ്പുകളുടെ വെള്ളക്കരം -പഞ്ചായത്തിന് പ്രതിവർഷ ബാദ്ധ്യത 9.24ലക്ഷം രൂപ | 1-15 |

| | | |
|---|---|---|
| | Written By: Suryaprabha P.C (Asst. Audit Officer, On 27-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | |
| 17 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല<br>Written By: N Pradeep Kumar (Audit Officer, On 24-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-16 |
| 18 | കുടിവെള്ളപദ്ധതി പൂർത്തീകരിച്ചില്ല<br>Written By: N Pradeep Kumar (Audit Officer, On 25-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-17 |
| 19 | ആശുപത്രികൾക്ക് വാങ്ങിയ ഫർണിച്ചർ പൂർണ്ണമായും വിതരണം ചെയ്തില്ല<br>Written By: N Pradeep Kumar (Audit Officer, On 24-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-18 |
| 20 | ലാപ്ടോപ്പ് വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുന്നു<br>Written By: Suryaprabha P.C (Asst. Audit Officer, On 27-06-2021)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 30-06-2021) | 1-19 |
| 21 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല<br>Written By: N Pradeep Kumar (Audit Officer, On 25-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-20 |
| 22 | കന്നുകുട്ടി പരിപാലനപദ്ധതി -തുക ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Deepa S (Senior Grade Auditor, On 25-06-2021)<br>Last Updated By: Deepa S (Senior Grade Auditor, On 26-06-2021) | 1-21 |
| 23 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ-അംഗീകാരനടപടികൾ പൂർത്തിയായില്ല<br>Written By: Deepa S (Senior Grade Auditor, On 25-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-22 |
| 24 | ജെന്റർ റിസോഴ്സ് സെന്റർ -പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 27-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപദ്ധതികൾ<br>Written By: N Pradeep Kumar (Audit Officer, On 25-06-2021)<br>Last Updated By: N Pradeep Kumar (Audit Officer, On 27-06-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: N Pradeep Kumar (Audit Officer, On 25-06-2021)<br>Last Updated By: N Pradeep Kumar (Audit Officer, On 27-06-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: N Pradeep Kumar (Audit Officer, On 25-06-2021)<br>Last Updated By: N Pradeep Kumar (Audit Officer, On 27-06-2021) | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Rajasree.C.R (Auditor, On 24-06-2021)<br>Last Updated By: Rajasree.C.R (Auditor, On 24-06-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Rajasree.C.R (Auditor, On 24-06-2021)<br>Last Updated By: Rajasree.C.R (Auditor, On 24-06-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Deepa S (Senior Grade Auditor, On 24-06-2021) | 4-6 |

| | | |
|---|---|---|
| | Last Updated By: Deepa S (Senior Grade Auditor, On 26-06-2021) | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Deepa S (Senior Grade Auditor, On 25-06-2021)<br>Last Updated By: Deepa S (Senior Grade Auditor, On 27-06-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Deepa S (Senior Grade Auditor, On 24-06-2021)<br>Last Updated By: Deepa S (Senior Grade Auditor, On 24-06-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Deepa S (Senior Grade Auditor, On 24-06-2021)<br>Last Updated By: K R Maheshkumar (Asst. Audit Officer, On 29-06-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: N Pradeep Kumar (Audit Officer, On 29-06-2021)<br>Last Updated By: N Pradeep Kumar (Audit Officer, On 29-06-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20വർഷത്തെ ബഡ്ജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.02.2019ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്/ പരിഷ്കരിച്ച ബജറ്റ് 30.01.2020 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്

## 1-2 വാർഷികധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷികധനകാര്യ പത്രിക 15/05/2020-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു

1. കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
2. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
3. ഷെഡ്യൂൾ B4:- ഈ ഷെഡ്യൂളിൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ഹെഡ് | ബി4 ഷെഡ്യൂൾ പ്രകാരം |
|---|---|
| 320100115, റ്റി.എസ്.സി | 1900074 |
| 320200322, ശുചിത്വ മിഷൻ | 1686995 |
| 320300199 | 537450 |

- B4 ഷെഡ്യൂൾ പ്രകാരം ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ നീക്കിയിരിപ്പ് 761398 ആണ്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരവും B17 ഷെഡ്യൂൾ പ്രകാരവുമുള്ള നീക്കിയിരിപ്പ് 770548 ആണ്.
- B4 ഷെഡ്യൂളിൽ 320200301 എന്ന ഹെഡിൽ 115956 രൂപ നീക്കിയിരിപ്പുണ്ട്. ഏതിനത്തിൽ ലഭിച്ച വരവാണെന്ന് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. ശുചിത്വമിഷന് തിരികെ നൽകേണ്ടിയിരുന്ന 342553 രൂപ ഈ ഹെഡിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.
- B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായി ലഭിച്ച ഫണ്ടിൽ 200000(Block Revenue Exp)രൂപ മാത്രമേ നീക്കിയിരിപ്പുള്ളൂ. എന്നാൽ B17ഷെഡ്യൂൾ പ്രകാരം Try. Special TSB-Joint Venture നീക്കിയിരിപ്പ് 549159 ആണ്.

4. ഷെഡ്യൂൾ B7, RP 34:- ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ് /സപ്ലയേഴ്സ് /ബിഡേഴ്സ് ഇ.എം.ഡി, കോൺട്രാക്ടേഴ്സ് /സപ്ലയേഴ്സ് /ബിഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയവ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. നിക്ഷേപത്തിന്റെ ഉദ്ദേശ്യം/തരം രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ഷെഡ്യൂൾ B7, RP-34 പ്രകാരമുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ഡെപ്പോസിറ്റ് റീ ഫണ്ട് ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് മിക്കതും സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2018-19 വർഷം 24.07.2015 മുതലുള്ള ഡെപ്പോസിറ്റുകൾ ക്യാരി ഓവർ ചെയ്ത് എഴുതിയിട്ടുണ്ട്. എന്നാൽ 2019-20ൽ 30.01.2017 മുതൽ വരവ് വന്ന ഡെപ്പോസിറ്റുകളാണ് ക്യാരി ഓവർ ചെയ്തിരിക്കുന്നത്. ലാപ്സായ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.
5. ഷെഡ്യൂൾ B9:- Govt. & Other Dues Payable-VAT -100567 റിക്കവറി ഇനത്തിൽ ശേഷിച്ച തുക ഒടുക്ക് വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.
6. ഷെഡ്യൂൾ B9:- റവന്യൂ- അഡ്വാൻസ് കളക്ഷൻ ആയി കാണിച്ചിരിക്കുന്ന തുകകൾ ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B9 | Demand |
|---|---|---|

| | Schedule | Register |
|---|---|---|
| Advance Collection-Profession Tax-Institution/Professionals/Traders | 3150 | 21000 |
| Advance Collection-Licence Fees | 15802 | 12900 |

7. ഷെഡ്യൂൾ B9:-അദർ ലയബിലിറ്റീസ് -54816/, ബാദ്ധ്യത ഏതിനത്തിലാണന്ന് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

8. ഷെഡ്യൂൾ B11:- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമാണോ എന്നത് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

   ഷെഡ്യൂൾ B11:- Fixed Assets-ന്റെ തൻവർഷ മൂല്യം കൃത്യമായി നിശ്ചയിച്ചിട്ടില്ല. ഉദാ:- തൻ വർഷം 1 കോടി രൂപയിലധികം തുകയുടെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. എന്നാൽ മുൻവർഷത്തെ അതേ തുക തന്നെ ഈ വർഷവും Road-Cement Concreteആസ്തിയുടെ മൂല്യമായി ഉൾപ്പെടുത്തിയിരിക്കുന്നു.

9. ഷെഡ്യൂൾ B-11(A):- പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്, ആസ്തി നിർമ്മാണത്തിന് പാർട്ട് ബിൽ പ്രകാരം ചെലവായ തുക 3360946 രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ ഓഡിറ്റിന് നൽകിയ സാക്ഷ്യപത്രം പ്രകാരം പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ എല്ലാം 2019-20-ൽ തന്നെ ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം വാങ്ങി തുക ജേർണൽ വഴി ഫിക്സഡ് അസറ്റിലേയ്ക്ക് മാറ്റിയിട്ടില്ല.

10. ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല

11. B15:-വസ്തു നികുതി വരവ്, ചെലവ്, നീക്കിയിരിപ്പ്-സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

12. ഷെഡ്യൂൾ B18:- ബാങ്ക് റീക്കൺസിലിയേഷൻ മാസവസാനം കൃത്യമായി നടത്താത്തതിനാൽ ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റ് ചെയ്യുന്ന തുകകൾ യഥാസമയം വരവിലെടുക്കാത്ത സാഹചര്യം ഉണ്ട്. ഉദാഹരണമായി 09/05/2019-ൽ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ലൈബ്രറി ഗ്രാന്റ്(23520) 31/03/2020-നാണ് ബാങ്ക് ബുക്കിൽ വരവ് കാണിച്ചിരിക്കുന്നത്.

13. ഷെഡ്യൂൾ B18: MGNREGS അക്കൗണ്ടിൽ നിന്നും യഥാസമയം തുകകൾ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് റീക്കുപ്പ് ചെയ്യുന്നില്ല. വർഷാവസാനം 544648 രൂപ റീക്കുപ്പ് ചെയ്യാതെ അവശേഷിക്കുന്നു.

14. ഷെഡ്യൂൾ B18:- Advance To KWA- 742000, Advance To KSEB-2278558 വർഷങ്ങളായി ഒരേ തുക തന്നെ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു. വിനിയോഗ രേഖകൾ വാങ്ങി ബന്ധപ്പെട്ട ആസ്തി ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

    Advance To Others- MGNREGS അക്കൗണ്ടിൽ നിന്നും റീക്കുപ്പ് ചെയ്യാനുള്ള തുക B18 പ്രകാരം 1157133 രൂപയാണ്. എന്നാൽ MGNREGS അക്കൗണ്ടന്റ് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം റീക്കുപ്പ് ചെയ്യാനുള്ളത് 955793 രൂപയാണ്.

15. ഷെഡ്യൂൾ B18:-2019-20 വർഷം നടപ്പാലം/കലുങ്ക് നിർമ്മാണത്തിനായി 120000 രൂപ ഇറിഗേഷൻ വകുപ്പിന് അഡ്വാൻസ് ആയി നൽകിയിരുന്നു. ഈ തുക B18 ഷെഡ്യൂളിൽ കറന്റ് അസറ്റായി അക്കൗണ്ട് ചെയ്യാതെ സ്ഥിര ആസ്തിയായി ഉൾപ്പെടുത്തിയിരിക്കുന്നു.

16. ഷെഡ്യൂൾ ഐ-18 :- "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന തുകകൾക്ക്(ആകെ 244486/) ആധാരമായ അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആയത് നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

17. I-1, RP-43 :- ട്രേഡേഴ്സിന്റെ തൊഴിൽ നികുതി, ഡി& ഒ ലൈസൻസ് എന്നീയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് കൃത്യമായി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

18. I-3, , RP-43:- വാടക ഡിമാന്റ്, കളക്ഷൻ തുകകൾ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

19. I-4:- പെർമിറ്റ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

20. I-14(D):- തൊഴിൽ രഹിത വേതനം ചെലവ് ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല

21. തെറ്റായ ശീർഷകത്തിൽ ചെലവുകൾ ഉൾപ്പെടുത്തി കാണുന്നു. ഉദാഹരണമായി മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ പരസ്യ ചാർജ് Plan Formulation, Monitoring And Evaluation (251600501) എന്ന ശീർഷകത്തിന് പകരം News Paper Advertisement Charge (220600101) എന്ന ശീർഷകത്തിൽ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ആയി ഉൾപ്പെടുത്തി യിരിക്കുന്നു(ചെക്ക് നം-31985/19.03.2020-16422/-). ഇതുമൂലം ഗ്രാമപഞ്ചായത്തിന്റെ തനത് ചെലവുകളുടെ അക്കൗണ്ടിംഗ് കൃത്യമല്ലാതാകുന്നു

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17294203 |
| വരവ് | 71385467 |
| ആകെ | 88679670 |
| ചെലവ് | 71479174 |
| നീക്കിയിരിപ്പ് | 17200496 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പിൽ | |
|---|---|---|---|---|---|---|---|
| | | | | | | ട്രഷറി ക്യൂബിൽ | 'ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) | 0 | 9182176 | 9182176 | 8490933 | 691243 | 687243 | 4000 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10204882 | 10204882 | 9877677 | 327205 | 444318 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 83000 | 83000 | 30000 | 53000 | | 53000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 7064742 | 7064742 | 3243308 | 3821434 | 1145252 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 48006000 | 48006000 | 25979957 | 22026043 | 17155166 | 4870877 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3251000 | 3251000 | 2228442 | 1022558 | | 1022558 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | | |
| ലൈബ്രറി ഗ്രാന്റ് | 1441 | 48607 | 50048 | - | 50048 | | |
| ശുചിത്വ മിഷൻ | 2910824 | 458724 | 3369548 | 704704 | 2664844 | | |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 128350 | 0 | 128350 | 0 | 128350 | | |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | |
| എം.ജി.എൻ.ആർഇ..ജി.എസ് | 4603 | 15687902 | 15692505 | 15147857 | 544648 | |
| ഐ.സി.ഡി.എസ്. | 945324 | 597962 | 1543286 | 772738 | 770548 | |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രിക-അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്കായി സമർപ്പിച്ച ഗ്രാന്റ് വിനിയോഗ പത്രികകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1)പൊതുവിഭാഗം വികസന ഫണ്ടിന്റെ ഒന്നും രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ ഉത്തരവുകൾ പരിശോധിച്ചതിൽ, അലോട്ട്മെന്റ് പ്രകാരമുള്ള തുക വരവായി എടുക്കുന്നതിന് പകരം സർക്കാർ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിന് ശേഷം പൊതു വിഭാഗത്തിൽ അനുവദിച്ച അറ്റ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി എടുത്തിരിക്കുന്നതെന്ന് വ്യക്തമായി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ടായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ലൈഫ് മിഷൻ പാർപ്പിട പദ്ധതിയ്ക്കായി തദ്ദേശ സ്ഥാപനങ്ങൾ എടുത്ത വായ്പ തിരിച്ചടക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ രണ്ടും മൂന്നും ഗഡു വികസന ഫണ്ടിൽ നിന്നും തുക കുറവ് ചെയ്യുമെന്ന് അലോട്ടാമെന്റ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ലൈഫ് പ്രോജക്ടിനായി 2018-19, 2019-20 വർഷങ്ങളിൽ ലോൺ എടുത്തിരുന്നില്ല എങ്കിലും വികസന ഫണ്ട്(ജനറൽ), വികസന ഫണ്ട്(എസ്.സി,പി) എന്നീ ഫണ്ടുകളുടെ രണ്ടും മൂന്നും ഗഡുക്കളിൽ നിന്നും തുക കുറവ് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ അലോട്ട്മെന്റ് | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക(ലൈഫ് പ്രോജക്ട്) | പൊതുവിഭാഗത്തിൽ അനുവദിച്ച അറ്റ തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) രണ്ടാം ഗഡു | 3080300 | 29412 | 3050888 | 3050888 |
| വികസന ഫണ്ട് (ജനറൽ) മൂന്നാം ഗഡു | 3080400 | 29412 | 3050988 | 3050988 |
| വികസന ഫണ്ട് (എസ്.സി.പി.) രണ്ടാം ഗഡു | 3416300 | 22059 | 3394241 | 3394241 |
| വികസന ഫണ്ട് (എസ്.സി.പി.) മൂന്നാം ഗഡു | 3416400 | 22059 | 3394341 | 3394341 |

ലൈഫ് പ്രോജക്ടിനായി ലോൺ എടുക്കാതെ തന്നെ വികസന ഫണ്ടിൽ(ജനറൽ/എസ്.സി.പി.) നിന്നും തുക കുറവ് ചെയ്യുന്നുണ്ടെന്ന വിവരം ധനകാര്യ വകുപ്പിനെ ഉചിത മാർഗ്ഗേന അറിയിക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് ഒഴികെയുള്ള ഗ്രാന്റിനങ്ങളിൽ വരവ് കാണിച്ചിരിക്കുന്ന തുകകൾ കൃത്യമല്ല. ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുകയുടെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച് കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

പരിശോധനയ്ക്കായി നൽകിയ ഗ്രാന്റ് വിനിയോഗ പത്രികയുടെ ന്യൂനതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് | നടപ്പാക്കാഞ്ഞവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പുതിയത് | 168 | 74255694 | 100 | 32179589 | 68 | 43.33 |
| സ്പിൽ ഓവർ | 80 | 33448992 | 68 | 24124884 | 12 | 72.12 |

കൊവിഡ് 19 എന്ന മഹാമാരി ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും സുതാര്യമാക്കുന്നതിന് ഭരണസമിതി ശ്രദ്ധിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾ എല്ലാം ഇ-ടെണ്ടർ മുഖേനയാണ് നിർവ്വഹിക്കപ്പെട്ടത്. പദ്ധതികൾ മുഖേനയുള്ള വിവിധ വാങ്ങലുകൾ പ്രൊക്യൂവർമെന്റ് കമ്മിറ്റി മുഖേന ആണ് നടത്തിയിട്ടുള്ളത്. ആരോഗ്യരംഗത്ത് മികച്ച സേവനം നൽകുന്നതിന് ഭരണസമിതിയും ആശുപത്രികളും കൂട്ടായി പ്രവർത്തുക്കുന്നുണ്ട്. അതിന്റെ ഫലമായി കൊവിഡ് എന്ന മഹാമാരിക്കെതിരെ പ്രതിരോധപ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും രോഗവ്യാപന നിരക്ക് ഗണ്യമായ രീതിയിൽ കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഭരണച്ചെലവുകൾ | 4603 | 868407 | 329362 | 543648 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 333000 | 332000 | 1000 |
| തൊഴിൽ ചെയ്തവർക്ക് വേതനം | | 14486495 | 14486495 | |

## 1-7 ക്ഷേമ പദ്ധതികൾ

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1. | കർഷകത്തൊഴിലാളി പെൻഷൻ | 442 | 2392200 |
| 2. | വികലാംഗ പെൻഷൻ | 269 | 1478100 |
| 3. | വാർദ്ധക്യകാല പെൻഷൻ | 1658 | 9209700 |
| 4. | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 41 | 238200 |
| 5. | വിധവാ പെൻഷൻ | 852 | 4778400 |
| 6. | തൊഴിൽ രഹിത വേതനം | 31 | 52800 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2021 ൽ 3.00 PM ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 3623/-(മൂവായിരത്തി അറുന്നൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം) രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

1. പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും പൊതുവെ തൃപ്തികരമാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്.

2. സംയുക്ത പദ്ധതികൾ, ശുചിത്വ മിഷൻ ഗ്രാന്റ്, ഓ.ഡി.എഫിന് മുൻ വർഷം ചെലവഴിച്ച വികസന ഫണ്ട് തിരികെ ലഭിച്ചത് തുടങ്ങിയ പ്രത്യേക ഫണ്ടുകളുടെ കണക്കുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. മറ്റ് രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്.

3. സാംഖ്യാ അക്കൌണ്ടിംഗ് കാര്യക്ഷമമല്ല. ഓരോ മാസവും വിവിധ അക്കൌണ്ടുകളുടെ റെക്കൺസിലേഷൻ നടത്തുന്നില്ല. ഈ വിഷയത്തിൽ ഫലപ്രദമായി ഇടപെടുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും സെക്രട്ടറിയും നടപടി സ്വീകരിക്കേണ്ടതാണ്.

4.ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരാണ്. ജനങ്ങൾക്ക് മെച്ചപ്പെട്ട രീതിയിൽ സേവനം നൽകുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്.

5. ഗ്രാമപഞ്ചായത്ത് ലൈബ്രേറിയൻ റിട്ടയർ ചെയ്തതിനെ തുടർന്ന് ഒഴിവുണ്ടായ തസ്തികയിലേയ്ക്ക് പാർട്ട് ടൈം ലൈബ്രേറിയനെ നിയമിച്ചിട്ടില്ല. രണ്ടായിരത്തിലധികം പുസ്തകങ്ങളുള്ളതും ലൈബ്രറി കൗൺസിലിൽ നിന്ന് ഗ്രാന്റ് ലഭിക്കുന്നതുമായ ലൈബ്രറിയാണ് ഗ്രാമപഞ്ചായത്തിലേത്. പഞ്ചായത്ത് ലൈബ്രറി പ്രവർത്തന സജ്ജമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.08.2011 | 2008-09 മുതൽ 2010-11 വരെ | 10.01.2012 |
| പെർഫോമൻസ് ഓഡിറ്റ് | 31.01.2020 | 2019 ഡിസംബർ | 31.01.2020 |

## 1-11 തനത് ഫണ്ട് കറന്റ് അക്കൗണ്ടിൽ-പലിശയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്നത് പന്തളം തെക്കേക്കര സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ(നം.329) 710-ാം നമ്പർ അക്കൗണ്ടിലാണ്. വാർഷിക കണക്ക് പരിശോധനയുടെ ഭാഗമായി പാസ്സ് ബുക്ക് പരിശോധിച്ചതിൽ കറന്റ് അക്കൗണ്ടിന് ബാധകമായ 1% നിരക്കിലാണ് അക്കൗണ്ടിൽ പലിശ ക്രഡിറ്റ് ചെയ്യുന്നത് എന്ന് വ്യക്തമായി. സേവിങ്സ് അക്കൗണ്ട് ആയിരുന്നെങ്കിൽ കുറഞ്ഞത് 4% നിരക്കിൽ പലിശ ലഭിക്കുമായിരുന്നു. ഗ്രാമപഞ്ചായത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലുള്ള സേവിംഗ്സ് അക്കൗണ്ടിലെ തുകയ്ക്ക് 4% നിരക്കിൽ പലിശ ലഭിക്കുന്നുമുണ്ട്. തനത് ഫണ്ട് കറന്റ് അക്കൗണ്ടിൽ തുടരുന്നത് മൂലം വർഷങ്ങളായി വലിയ വരുമാന നഷ്ടം ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുണ്ട്. വിവിധ തീയതികളിലെ അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ വിശദാംശവും ക്രഡിറ്റ് ചെയ്ത പലിശയുടെ വിവരവും ചുവടെ ചേർക്കുന്നു.

| തീയതി | അക്കൗണ്ട് ബാലൻസ് | പലിശയിനത്തിൽ ക്രഡിറ്റ് ചെയ്ത തുക (6മാസം- 1 % നിരക്കിൽ) | സേവിംഗ്സ് അക്കൗണ്ടിൽ ലഭിക്കുമായിരുന്ന പലിശ(4% നിരക്കിൽ) | പലിശ ഇനത്തിൽ നഷ്ടപ്പെട്ട തുക |
|---|---|---|---|---|
| 31.3.18 | 12049882 | 52186 | 208744 | 156558 |

| | | | | |
|---|---|---|---|---|
| 29.9.18 | 13909079 | 65404 | 261616 | 196212 |
| 31.3.19 | 11709714 | 62906 | 251624 | 188718 |
| 30.09.19 | 8493866 | 44823 | 179292 | 134469 |
| 31.03.2020 | 8489240 | 43195 | 172780 | 129585 |
| ആകെ | | 268514 | 1074056 | 805542 |

രണ്ടര വർഷത്തിനുള്ളിൽ മാത്രം പലിശയിനത്തിൽ 805542 രൂപയാണ് ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടത്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ അക്കൗണ്ട് പരിശോധനയുടെ ഭാഗമായി വിവിധ ബാങ്ക് അക്കൗണ്ടുകളിൽനിന്നും ലഭിക്കുന്ന പലിശ വരവ് താരതമ്യം ചെയ്തിരുന്നുവെങ്കിൽ ഈ അപാകത ശ്രദ്ധയിൽപ്പെടുമായിരുന്നു. എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. മുൻകാല രേഖകൾ പരിശോധിച്ച് ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുമെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും അറിയിച്ചു. തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാനവശേഷിക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 10 മൊബൈൽ ടവറുകളാണ് ഉള്ളത്. ഇതിൽ നാല് മൊബൈൽ ടവറുകളിൽ നിന്നും താഴെപ്പറയും പ്രകാരം വസ്തു നികുതി ഈടാക്കാനവശേഷിക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ | മൊബൈൽ ടവറിന്റെ വിവരം | നിർണ്ണയിച്ചിട്ടുള്ള വസ്തുനികുതി | കുടിശികയുടെ കാലയളവ് |
|---|---|---|---|---|
| 1 | 7 | ബി.എസ്.എൻ.എൽ. | 4830 | 2013-14 മുതൽ 2019-20 വരെ |
| 2 | 8 | റിലയൻസ് ടെലകോം | 6210 | 2018-19 മുതൽ 2019-20 വരെ |
| 3 | 10 | ബി.എസ്.എൻ.എൽ. | 3623 | 2013-14 മുതൽ 2019-20 വരെ |
| 4 | 13 | ബി.എസ്.എൻ.എൽ. | 3623 | 2013-14 മുതൽ 2019-20 വരെ |

അപാകത്തിന് വിശദീകരണവും വസ്തു നികുതി കുടിശിക ഈടാക്കുന്നതിന് നിലവിൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/21.06.21) മൊബൈൽ ടവർ ഉടമകളിൽ നിന്നും 2018-19 വരെയുള്ള കുടിശികയ്ക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് (ഓൺലൈൻ ആർ.ആർ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആർ.ആർ. നടപടികളിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 റേഷൻകട ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ

അടിസ്ഥാനത്തിൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിൽ തിരികെ ലഭിച്ചിട്ടില്ല

2019-20 ൽ അസിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന 89 പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിരുന്നു. അവയുടെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ 214306 രൂപ ജില്ലാപ്പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയിരുന്നു. ഇത് സംബന്ധിച്ച് 22.6.2021 ൽ 8-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി തുക നാളിതുവരെ ഗ്രാമപ്പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചു. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാപ്പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയ തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ -യിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൌണ്ട് തുടങ്ങുന്നതിന് 2.10.17 ലെ ജി.ഒ.(എം.എസ്)3186/2017/LSGD നമ്പരായി സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഇപ്രകാരം അക്കൌണ്ട് ഇതേവരെ ആരംഭിച്ചിട്ടില്ല. സർക്കാരിന്റെ നിർദ്ദേശം പാലിച്ച് ഇ-ടെണ്ടർ ഫീസിനായി പ്രത്യേകം അക്കൌണ്ട് ആരംഭിക്കേണ്ടതും ഈ ഇനത്തിലുള്ള വരവ് പ്രസ്തുത അക്കൌണ്ടിലേക്ക് വരും വർഷം മുതൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

## 1-15 പൊതു ടാപ്പുകളുടെ വെള്ളക്കരം -പഞ്ചായത്തിന് പ്രതിവർഷ ബാദ്ധ്യത 9.24ലക്ഷം രൂപ

ഗ്രാമപഞ്ചായത്ത് 176 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും ഓരോ മാസവും 77000 രൂപ ഒടുക്കി വരുന്നുണ്ട്. ഈയിനത്തിലുള്ള 2019-20 വർഷത്തെ ആകെ ചെലവ് 924000 രൂപയാണ്. പൊതു ടാപ്പുകളുടെ എണ്ണത്തിന്റെ കൃത്യതയും പ്രവർത്തനക്ഷമമല്ലാത്തവയുടെ എണ്ണവും ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വാർഡ് തിരിച്ചുള്ള കണക്ക് ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. അതേ സമയം സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയതിനാൽ ഈ ഇനത്തിലുള്ള വാർഷിക ചെലവ് 240433 രൂപ മാത്രമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും ഫലപ്രദമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ജലജീവൻ പദ്ധതിയിലുൾപ്പെടുത്തി ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനാൽ പൊതു ടാപ്പുകളെ ആശ്രയിക്കുന്ന ഒരു പ്രദേശത്തെ കുടുംബങ്ങൾക്കെല്ലാം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമായെന്ന് ഉറപ്പാക്കിയതിനു ശേഷം പൊതു ടാപ്പ് നിർത്തലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21/2/19-ലെ ഡി.എ1/17/19/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ നിർദ്ദേശമനുസരിച്ച് സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി മഴക്കാലത്തിനു ശേഷം സംയുക്ത പരിശോധന നടത്തുവാൻ നിർദ്ദേശിച്ചിരുന്നു. കോളനികളിലെ പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതില്ല. മറ്റുള്ള സ്ഥലങ്ങളിൽ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21/2/19-ലെ ഡി.എ1/17/19/ത.സ്വ.ഭ.വ നമ്പർ സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പ്രവർത്തനക്ഷമമല്ലാത്തവയുടെ വെള്ളക്കരം കുറവ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പൊതു ടാപ്പുകളെ ആശ്രയിക്കുന്ന ഒരു പ്രദേശത്തെ കുടുംബങ്ങൾക്കെല്ലാം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമായെന്ന് ഉറപ്പാക്കിയതിനു ശേഷം പൊതു ടാപ്പ് നിർത്തലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
4. പൊതു ടാപ്പുകളിലെ ജലം ദുരുപയോഗം ചെയ്യുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
5. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിഷയം ചർച്ച ചെയ്ത് ആവശ്യമായ തുടർനടപടികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

നിർദ്ദേശങ്ങളിന്മേൽസ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 ൽ അംഗീകാരം വാങ്ങിയ പ്രവൃത്തികൾക്കായി മൈനർ ഇറിഗേഷൻ വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 29.10.2019 ലെ 1(7) നമ്പർ തീരുമാനം, മൈനർ ഇറിഗേഷൻ വകുപ്പിന്റെ പത്തനംതിട്ട ഡിവിഷൻ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ 14.11.2019 ലെ ഡി1. 2140/2019 നമ്പർ കത്ത് എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്ക് തുക 8443-00-108-PW എന്ന ഹെഡ് ഓഫ് അക്കൌണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, അടങ്കൽ, ഫണ്ടിനം | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ നമ്പർ, തീയതി |
|---|---|---|
| പടുകോട്ടുക്കൽ ദീപാലയം പടി കലുങ്ക് നിർമ്മാണം<br>(8 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും 1.5 മീറ്റർ ആഴത്തിലും)<br>SO258/19-20 1000000 (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 1000000 | 66123/19.12.19 |
| കീരുകുഴി പറപ്പെട്ടി നടപ്പാലം നിർമ്മാണം (5 മീറ്റർ നീളത്തിലും 2 മീറ്റർ വീതിയിലും)<br>SO 257/20 200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 200000 | 966119/19.12.19 |

പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്ന് ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ തുക ഡെപ്പോസിറ്റ് ചെയ്തത് ക്രമമല്ല. പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിക്കുകയും ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് 24.6.19 ൽ 14-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
എസ്റ്റിമേറ്റുകൾ ലഭ്യമാക്കി പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 കുടിവെള്ളപദ്ധതി പൂർത്തീകരിച്ചില്ല

കൈമടഭാഗം ഐ.എച്ച്.ഡി.പി കോളനിയിൽ മിനി കുടിവെള്ളപദ്ധതിയ്ക്ക് 3 ലക്ഷം രൂപ വികസന ഫണ്ട് അടങ്കൽ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം സ്പിൽ ഓവർ പദ്ധതി നടപ്പാക്കിയിരുന്നു. 22 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മാണം, പമ്പ് ഹൌസ് നിർമ്മാണം, കിണർ മെയിന്റനൻസ് എന്നീ പ്രവൃത്തികൾ ആണ് പദ്ധതി പ്രകാരം ചെയ്തത്. (കരാറുകാരൻ - കൃഷ്ണകുമാരി, പ്രകാശ് ഭവൻ, പറന്തൽ) എസ്റ്റിമേറ്റ് നിരക്കിൽ കരാറിൽ ഏർപ്പെട്ട് പൂർത്തീകരിച്ച പ്രവൃത്തിയുടെ പ്രതിഫലത്തുകയായി 212600രൂപ നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 403727/30.7.2019). എന്നാൽ പമ്പ് സെറ്റ് സ്ഥാപിക്കൽ, പൈപ്പ് ലൈൻ നീട്ടൽ എന്നീ പ്രവൃത്തികൾ ചെയ്യാഞ്ഞതിനാൽ പദ്ധതി ഇതേവരെ പൂർണ്ണമാക്കാനായില്ല.
ഈ വിഷയം സംബന്ധിച്ച് 24.6.21 ൽ 13-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. പദ്ധതിയുടെ ബാക്കി പ്രവൃത്തികൾ വാട്ടർ അതോറിറ്റി മുഖേന നിർവ്വഹിക്കാൻ ആണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്നും ആയതിന് യഥാക്രമം 10 ലക്ഷവും 5 ലക്ഷവും അടങ്കൽ വകയിരുത്തി SO160/19-20, SO161/20 എന്നിങ്ങനെ രണ്ട് പദ്ധതികൾ ആവിഷ്കരിച്ചതായും മറുപടി ലഭിച്ചു. പദ്ധതിയുടെ ഭാഗമായ കിണറുകളിൽ ജലലഭ്യത ഉണ്ടോയെന്ന് പരിശോധിക്കാൻ ഭൂജലവകുപ്പിന് ഫീസ് ഒടുക്കിയതായും പരിശോധനാ സാക്ഷ്യപത്രം ലഭ്യമായാലുടൻ ബാക്കി പ്രവൃത്തികൾ ഏറ്റെടുക്കുമെന്നും പ്രസ്തുത മറുപടിയിൽ വിശദീകരിച്ചു.

ജലലഭ്യത ഉറപ്പാക്കാതെ കടിവെള്ള പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ചെയ്യത് ക്രമമല്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ഈ അപാകം ഒഴിവാക്കേണ്ടതാണ്. കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-18 ആശുപത്രികൾക്ക് വാങ്ങിയ ഫർണിച്ചർ പൂർണ്ണമായും വിതരണം ചെയ്തില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 ൽ 90000 രൂപ തനത്ഫണ്ട് വകയിരുത്തി ആയുർവേദ, ഹോമിയോ ആശുപത്രികൾക്ക് ഫർണിച്ചർ, പാത്രങ്ങൾ എന്നിവ വാങ്ങി നൽകുന്നതിന് രൂപീകരിച്ച പദ്ധതി(SO169/20) പ്രകാരം Perforrated Sheet 3 Seater Chair 6 എണ്ണം, Steel Cabinet (Almarah) 20 Guage With 4 Fixed Shelves 3 എണ്ണം എന്നിവ സിഡ്കോയുടെ Straw Board Factory, പരുമല-യിൽ നിന്ന് വാങ്ങിയിരുന്നു. ഇതിൽ സ്റ്റീൽ അലമാര 1 വീതം ആയുർവേദ, എൻ.എച്ച്.എം ഹോമിയോ ആശുപത്രികൾ, കൃഷിഭവൻ എന്നിവക്കും, 3 Seater കസേരകളിൽ രണ്ട് സെറ്റ് ആയുർവേദ ആശുപത്രിക്കും നൽകിയിട്ടുണ്ട്. എന്നാൽ വാങ്ങിയ 3 Seater കസേരകളിൽ ബാക്കി 4 സെറ്റുകൾ വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽത്തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ആയതിന്റെ കാരണം അന്വേഷിച്ച് 21.6.21 ൽ 6-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, കസേരകൾ കാലതാമസം കൂടാതെ ആശുപത്രികൾക്ക് നൽകുന്നതാണെന്ന് അറിയിച്ചു. ആവശ്യകത ഉറപ്പ് വരുത്താതെയും ശരിയായ ആസൂത്രണമില്ലാതെയും വാങ്ങലിനായുള്ള പദ്ധതികൾ നടപ്പാക്കുന്നത് അഭിലഷണീയമല്ല. 3 Seater കസേരകൾ ബാക്കിയുള്ളവ കൂടി വിതരണം ചെയ്ത് പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കേണ്ടതാണ്.

## 1-19 ലാപ്ടോപ്പ് വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ ഡിഗ്രി/പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (21/20) എന്ന പ്രോജക്ടിന്റെ ഭാഗമായി സി.പി.ആർ.സി.എസ്. സംവിധാനത്തിലൂടെ കെൽട്രോണിൽ നിന്നും 14 ലാപ്ടോപ്പുകൾ 19/12/19-ൽ വാങ്ങിയിട്ടുണ്ട് (300000/, ബിൽ നം.3/2020/14.10.19). എന്നാൽ 13 ലാപ്ടോപ്പുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളുള്ളത്. ഒരു ലാപ്ടോപ്പ് വിതരണം ചെയ്യാതെ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഏഴാം വാർഡിലെ ഋഷിക സി., പുത്തൻവിളയിൽ എന്ന വിദ്യാർത്ഥിനിയെ അർഹയായ ഗുണഭോക്താവായി തെരഞ്ഞെടുത്തിരുന്നുവെങ്കിലും ലാപ്ടോപ്പ് ആവശ്യമില്ലെന്ന് 06/02/2020-ൽ ഗ്രാമപഞ്ചായത്തിനെ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ 27.02.2020-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(9) നമ്പർ തീരുമാനപ്രകാരം ഗുണഭോക്തൃലിസ്റ്റിലെ അടുത്ത ഗുണഭോക്താവിന് നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ലാപ്ടോപ്പ് അർഹരായ അടുത്ത ഗുണഭോക്താവിന് നാളിതുവരെ നൽകിയിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 3/21.06.2021) ഗുണഭോക്തൃലിസ്റ്റിലെ അർഹരായ ഗുണഭോക്താക്കളുടെ അഭാവവും പിന്നീടുണ്ടായ കോവിഡ് പ്രതിസന്ധി മൂലവും ലാപ്ടോപ്പ് വിതരണം ചെയ്യാൻ കഴിഞ്ഞില്ലെന്ന് അറിയിച്ചു. ഈ വിഷയം നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തലുകളില്ല. 2021-22 വർഷം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആയതനുസരിച്ച് അർഹരായ ഗുണഭോക്താവിന് ലാപ്ടോപ്പ് നൽകേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും ഫണ്ട് വിനിയോഗവും) ചട്ടങ്ങൾ പ്രകാരം നിരാലംബരായവരെ സഹായിക്കുന്നതിന് ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അതിനായി പ്രത്യേക അക്കൌണ്ട് ആരംഭിക്കാവുന്നതുമാണ്. എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. കൊവിഡ് എന്ന മഹാമാരിയെ നേരിടുന്ന ഈ കാലഘട്ടത്തിൽ നിരാലംബരായവർക്ക് സഹായം നൽകുന്നതിന് ദുരിതാശ്വാസനിധിയുടെ രൂപീകരണം പരിഗണിക്കാവുന്നതാണ്. ആയത് രൂപീകരിച്ച് വ്യക്തികളിൽ നിന്ന് സംഭാവനകൾ സ്വീകരിക്കുന്നതിനും ഫലപ്രദമായ വിനിയോഗത്തിനും ഉള്ള സാധ്യതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 കന്നുകുട്ടി പരിപാലനപദ്ധതി -തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വിഹിതമായി 350000 രൂപ കന്നുകുട്ടികളെ ദത്തെടുക്കൽ പദ്ധതിയ്ക്കായി വെറ്റിനറി സർജൻ മുഖേന ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിലവിൽ പൂർത്തിയായിട്ടില്ല. എന്നാൽ മുൻവർഷങ്ങളിൽ കന്നുകുട്ടി പരിപാലനപദ്ധതിക്കായി ജില്ലാ മൃഗസംരക്ഷണവകുപ്പ് ഡെപ്യൂട്ടിഡയറക്ടർക്ക് നൽകിയ വികസനഫണ്ടിൽ 76282/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നമ്പർ | ഗ്രാമ പഞ്ചായത്ത് വിഹിതം തുക | ചെലവഴിച്ച തുക | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | പദ്ധതി പൂർത്തിയായ തീയതി |
|---|---|---|---|---|---|
| 2015-16 | 138/16 | 187500 | 160999 | 26501 | 31.12.2017 |
| 2016-17 | 17/17 | 262500 | 247897 | 14603 | 31.12.2018 |
| 2017-18 | 10/18 | 262500 | 227322 | 35178 | 31.12.2019 |
| 2018-19 | NIL | | | | |
| ആകെ | | | | 76282 | |

മേൽ പ്രകാരം പദ്ധതി പൂർത്തീകരിച്ച ശേഷം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തുടർവർഷങ്ങളിൽ സമാനപദ്ധതികൾക്ക് വിനിയോഗിക്കാവുന്നതാണ്.

## 1-22 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ- അംഗീകാരനടപടികൾ പൂർത്തിയായില്ല

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനായി കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ 2014-15 സാമ്പത്തിക വർഷം മുതൽ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്ന, യാത്ര ചെയ്യുവാൻ കഴിവുള്ള ഏതൊരാൾക്കും ആവശ്യമായ പകൽ പരിപാലനം, പരിചരണം, തൊഴിൽ പരിശീലനം തുടങ്ങിയ സേവനങ്ങൾ നൽകി പുനരധിവാസ സാധ്യത ഉറപ്പുവരുത്തുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. 06.04.2013 ലെ ജി.ഒ.(എം.എസ്) നം 144/2013 എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. തുടർന്ന് 07.02.2018-ൽ ജി.ഒ.(എം.എസ്) നം 20/2018 എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

കോവിഡ് സാഹചര്യം കാരണം സ്ഥാപനം നിലവിൽ പ്രവർത്തനരഹിതമാണ്. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനത്തിനായി 2019-20 വർഷം 459249 രൂപയാണ് വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുള്ളത്. ടീച്ചർ, ഹെൽപ്പർ, ഡ്രൈവർ എന്നിവരുടെ വേതനം, വാഹനത്തിന്റെ ഇന്ധനം എന്നീ ഇനങ്ങളിലാണ് ചെലവ് വന്നിട്ടുള്ളത്. മാനസികവും ശാരീരികവുമായ വൈകല്യം നേരിടുന്നവരുടെ ചികിത്സയ്ക്കായി 'Speech, Behaviour, Occupation' തെറാപ്പി നൽകാൻ കഴിയുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനം മാസത്തിൽ രണ്ട് തവണയെങ്കിലും ലഭ്യമാക്കേണ്ടതാണെന്നും ഇപ്രകാരം ഒരു സിറ്റിംഗിന് 1000 രൂപ ക്രമത്തിൽ തുക വകയിരുത്തി പദ്ധതി തയ്യാറാക്കാവുന്നതാണെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നിലവിൽ ഇത്തരം സ്പെഷ്യലിസ്റ്റുകളുടെ സേവനം സ്ഥാപനത്തിൽ ലഭ്യമല്ല. കുട്ടികൾക്ക് ആവശ്യമുള്ള റിഫ്രഷ്മെന്റിനും പദ്ധതികൾ തയ്യാറാക്കുന്നില്ല.

സ്ഥാപനം ആരംഭിച്ചതിന് ശേഷം ദേശീയ വികലാംഗജന നിയമം അനുസരിച്ചുള്ള അംഗീകാരം സാമൂഹ്യ നീതിവകുപ്പിൽ നിന്നും വാങ്ങിയിട്ടില്ല എന്ന് 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ (നമ്പർ കെ.എസ്.എ.പി.റ്റി.എ.പി11/1360/2018തീയതി 25.10.2018) ഖണ്ഡിക 3-26 ൽ വിശദമായി പരാമർശിച്ചിരുന്നു. ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം 24.06.21 ലെ 15-ാം നമ്പർ അന്വേഷണക്കുറിപ്പിലൂടെ ആവശ്യപ്പെട്ടതിന് മറുപടിയായി, സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിനായി 09.03.2020 ൽ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അധികാരികൾ സ്ഥാപനം സന്ദർശിച്ചതായും എന്നാൽ രജിസ്ട്രേഷൻ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം നാളിതുവരെ അറിയിച്ചിട്ടില്ല എന്നും

ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചു. സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ജെന്റർ റിസോഴ്സ് സെന്റർ -പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ ജെന്റർ റിസോഴ്സ് സെന്റർ എന്ന പ്രോജക്ടിന്റെ ഭാഗമായി (നം.25/2020) വനിതകൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും സ്വയം പ്രതിരോധത്തിനായി തായ്ക്കോണ്ടോയിൽ രണ്ട് ദിവസത്തെ പരിശീലനം നൽകിയിരുന്നു.

| തുക | ബിൽ നം/തീയതി | ചെലവിന്റെ വിശദാംശം |
|---|---|---|
| 26500 | 05/2020/16.12.2019 | കുടുംബശ്രീ അംഗങ്ങൾക്കായി 26.10.19, 28.10.19 ദിവസങ്ങളിൽ സെൽഫ് ഡിഫൻസ് പരിശീലനം--<br>പരിശീലന ചെലവ്-5500<br>ഭക്ഷണച്ചെലവ്- 21000 |
| 25280 | 6/2020, 16.12.2019 | കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് തായ്ക്കോണ്ടോ പരിശീലനം 09.11.19, 10.11.19<br>പരിശീലന ചെലവ്-5000<br>ഭക്ഷണച്ചെലവ്- 20280 |

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടിയായ തായ്ക്കോണ്ടോ പരിശീലകനായി സ്പോർട്ട്സ് കൗൺസിൽ അംഗീകാരമുള്ള കായികാദ്ധ്യാപകരെയാണ് നിയോഗിക്കേണ്ടത്. ഈ പ്രോജക്ട് പ്രകാരം അംഗീകാരം നൽകിയ പരിശീലകനായ ശ്രീ.എം.എം.മിൻഷാദിന് സ്പോർട്ട്സ് കൗൺസിൽ അംഗീകാരമുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2) ജെന്റർ റിസോഴ്സ് പ്രവർത്തനങ്ങൾക്കായി പരമാവധി 2 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രോജക്ട് തയ്യാറാക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ സാമൂഹിക പദവി സംബന്ധിച്ച പഠനം പൂർത്തീകരിക്കുക അഥവാ കാലാനുസൃതമാക്കുക, കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ്, ജാഗ്രത സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയമിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ രണ്ട് ദിവസത്തെ തായ്ക്കോണ്ടോ പരിശീലനം നൽകി പ്രോജക്ട് പ്രവർത്തനം അവസാനിപ്പിച്ചു. പരിമിതമായ സമയത്ത് നൽകിയ പരിശീലനം കൊണ്ട് പ്രോജക്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/23.06.21) മറുപടിയായി, 2018-19 വർഷം ആരോഗ്യ ബോധവൽക്കരണവും നിയമപഠന ക്ലാസും സംഘടിപ്പിച്ചിരുന്നുവെന്നും തുടർ പ്രവർത്തനമെന്നനിലയിലാണ് സ്വയം പ്രതിരോധത്തിനുള്ള അഭ്യാസമുറകൾ പഠിപ്പിക്കുന്നതിന് പരിശീലന പദ്ധതി ഏറ്റെടുത്തതെന്നും അറിയിച്ചു. സ്ത്രീകൾക്കെതിരേയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ഇത്തരം പരിശീലന പദ്ധതികൾ ആവശ്യമെങ്കിലും ഉദ്ദേശിച്ച പ്രയോജനം പരിശീലനാർത്ഥികൾക്ക് ലഭിക്കുന്ന തരത്തിൽ സമയക്രമം പാലിച്ച് നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുന്നു. മാത്രമല്ല പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഭക്ഷണച്ചെലവുൾപ്പടെയുള്ള ഫീൽഡ്തല ചെലവുകൾ പദ്ധതി ആസൂത്രണ നിർവ്വഹണ മോണിട്ടറിംഗിനുള്ള പ്രോജക്ടിൽ നിന്നും സർക്കാർ നിർദ്ദേശിച്ച പരിധിയ്ക്ക് വിധേയമായി നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപദ്ധതികൾ

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 144475 | സാന്ത്വന പരിചരണം | 144475 | 0 |
| | 100000 | അംഗൻവാടി പൂരക പോഷകാഹാരം | 100000 | 0 |
| | 100000 | അംഗൻവാടി പൂരക പോഷകാഹാരം SCP | 100000 | 0 |
| | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 777530 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 777530 | 0 |
| | 104400 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി SCP | 104400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | 800000 | ഭവനനിർമ്മാണം ലൈഫ് | 800000 | 0 |
| | 1000000 | ഭൂരഹിത ഭവനരഹിത | 800000 | 200000 |

| | | | |
|---|---|---|---|
| | പദ്ധതി- ലൈഫ് ജനറൽ | | |
| 150000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |
| 150000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി SCP | 150000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| പദ്ധതിയുടെ പേര് | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് ചെയ്ത തുക, ഫണ്ടിനം | ബിൽ നമ്പർ, തീയതി | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|
| കീരുകുഴി പറപ്പെട്ടി നടപ്പാലം നിർമ്മാണം SO257/20 | മൈനർ ഇറിഗേഷൻ വകുപ്പ്, പത്തനംതിട്ട | 200000 CFC ഗ്രാന്റ് | 966119/19.12.19 | പ്രവൃത്തികൾ ആരംഭിച്ചില്ല |
| പടുകോട്ടുക്കൽ ദീപാലയം പടി കലുങ്ക് നിർമ്മാണം SO258/20 | | 1000000 മെയിന്റനൻസ് ഫണ്ട് റോഡ് | 966123/19.12.19 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | തുക അടച്ച ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2006-07 | 3-1 | 1474 | ടി.എൻ ഭദ്രൻ ഹെഡ് ക്ളർക്ക് | 119040100778/03.06.2019 |
| 2006-07 | 3-6 | 904 | കെ.എസ് പ്രകാശ് | 119040101443//01.08.2019 |
| ആകെ | | 2378 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2014-15 | 2-2 | 2016-17 | അദ്ധ്യായം 1 | മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | അപാകത പരിഹരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2-1 | 2016-17 | അദ്ധ്യായം 2 | D&Oലൈസൻസ് നൽകുമ്പോൾ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | അപാകത പരിഹരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 88679670 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71479174 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി)ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം.,തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1998-99 | എൽ. എഫ് പി റ്റി എ പി2/730/01 തീയതി 11.12.02 | 4 |
| 1999-00 (ചെലവ്) | എൽ. എഫ് പി റ്റി എ പി2/729/01തീയതി. 25.09.02 | 2 |
| 2002-03 | എൽ. എഫ് പി റ്റി എ പി4/233/07 തീയതി 11.04.07 | 7 |
| 2003-04 | എൽ. എഫ് പി റ്റി എ | 9 |

| | | |
|---|---|---|
| | പി7/39(A)09 തീയതി 26.07.10 | |
| 2004-05 | എൽ. എഫ് പി റ്റി എ പി7/39(B)09 തീയതി 22.11.11 | 9 |
| 2005-06 | എൽ. എഫ് പി റ്റി എ പി4/761/10 തീയതി 28.11.11 | 9 |
| 2006-07 | എൽ. എഫ് പി റ്റി എ പി5/334/11തീയതി 14.09.12 | 32 |
| 2007-08 To 2010-11 | എൽ. എഫ് പി റ്റി എ പി5/1111/12 തീയതി 06.06.13 | 3 |
| 2011-12 & 2012-13 | എൽ. എഫ് പി റ്റി എ പി11/150/04/14 തീയതി 10.11.14 | 29 |
| 2013-14 | എൽ. എഫ് പി റ്റി എ പി11/454/15 Lതീയതി 25.07.15 | 21 |
| 2014-15 | കെ.എസ്.എ. പി റ്റി എ പി11/853/16 Lതീയതി 27.07.16 | 14 |
| 2015-16 | കെ.എസ്.എ. പി റ്റി എ പി11/1385/16തീയതി 10.01.2017 | 23 |
| 2016-17 | കെ.എസ്.എ.പി റ്റി എ പി11/761/17തീയതി 07.07.2017 | 28 |
| 2017-18 | കെ.എസ്.എ.പി റ്റി എ പി11/1360/18തീയതി 25.10.2018 | 32 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി-11-605/2019 തീയതി 25.07.2019 | 33 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്